(സി) ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഈ സാമ്പത്തിക വർഷംതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

മണലൂർ ജലസേചന പദ്ധതി

97 (694) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജക മണ്ഡലത്തിൽപ്പെട്ട 4, 5 വാർഡ് ജലസേചന പദ്ധതി സംബന്ധിച്ച വിശദാംശം അറിയിക്കുമോ ;

(ബി) ഇത് സംബന്ധിച്ച് മൈനർ ഇറിഗേഷൻ ചീഫ് എഞ്ചിനീയർ ഓഫീസിൽ നിലവിലുള്ള ഡബ്ല്യു.1/എഫ്.എസ്./23107/10 നമ്പർ ഫയൽ സംബന്ധമായി നടപടികൾ ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ ;

(സി) പദ്ധതിക്ക് എന്നേക്ക് അനുമതി നൽകാനാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മണലൂർ നിയോജക മണ്ഡലത്തിൽപ്പെട്ട അന്തിക്കാട് ഗ്രാമ പഞ്ചായത്തിലെ 4,5 വാർഡിലെ ആവശ്യത്തിനായി 60 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതിയാണിത്. ലിഫ്റ്റ് ഇറിഗേഷൻവഴി മേലെത്തട്ടിലുള്ള കനാലിൽനിന്നും വെള്ളം ശേഖരിച്ച് PVC പൈപ്പുവഴി പദ്ധതി പ്രദേശത്ത് വെള്ളം എത്തിക്കുന്നതിനുവേണ്ടിയാണ് ഈ ജലസേചന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) Ayacut map, കൃഷി ആഫീസറുടെ സർട്ടിഫിക്കറ്റ്, B.C. ratio, വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് നൽകാനായി ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമായാൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

തളിപ്പറമ്പ് മണ്ഡലത്തിൽ നടപ്പിലാക്കിയ ജലവിതരണ പദ്ധതികൾ

98 (695) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ ജലവിഭവവകുപ്പിനു കീഴിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) ആയതിലേക്കായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly